**File No.FWLD-D2/300/2019-FWLD**

## പതിനാലാം കേരളനിയമസഭ

### പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4483 — 13.11.2019 ന് മറുപടിയ്ക്ക്

**ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങുന്ന വന്യജീവികളെ തിരികെ വനമേഖലയിൽ എത്തിക്കുന്നതിന് ശാസ്ത്രീയപരിശീലനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.യു. ആർ. പ്രദീപ് : | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) | |
| (എ) | ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങി ജനങ്ങൾക്ക് ശല്യമുണ്ടാക്കുന്ന പാമ്പ്, പന്നി, മുള്ളൻപന്നി തുടങ്ങിയ വന്യജീവികളെ പിടിച്ച് വനമേഖലയിൽ കൊണ്ടുപോയി വിടുന്നതിന് ബീറ്റ് ഫോറസ്റ്റ് ആഫീസർമാർക്ക് ഏതെങ്കിലും തരത്തിൽ ശാസ്ത്രീയമായി പരിശീലനം നൽകുന്നുണ്ടോ; | (എ) | ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങി ജനങ്ങൾക്ക് ശല്യമുണ്ടാക്കുന്ന വന്യജീവികളെ പിടിച്ച് വനമേഖലയിൽ കൊണ്ടുപോയി വിടുന്നതിന് ബീറ്റ് ഫോറസ്റ്റ് ആഫീസർമാർക്ക് ശാസ്ത്രീയമായി പരിശീലനം നൽകുന്നില്ല. എന്നാൽ, ഇത്തരത്തിലുള്ള ശാസ്ത്രീയ പരിശീലന നൽകുന്നത് ആലോചനയിലുണ്ട്. |
| (ബി) | ഓരോ വന്യജീവികളെയും കുറിച്ച് പഠിക്കുന്നതിനും മനസ്സിലാക്കുന്നതിനും ബീറ്റ് ഫോറസ്റ്റ് ആഫീസർമാർക്ക് ട്രെയിനിങ് സമയത്ത് ഈ രംഗത്തെ വിദഗ്ധരെ വെച്ച് ക്ലാസ്സുകൾ നൽകാറുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി)<br>&<br>(സി) | ബീറ്റ് ഫോറസ്റ്റ് ആഫീസർമാരുടെ ട്രെയിനിങ് സമയത്ത് . വന്യജീവികളെക്കുറിച്ച് പഠിക്കുന്നതിനും മനസ്സിലാക്കുന്നതിനും ഈ രംഗത്തെ വിദഗ്ധരെ വെച്ച് ക്ലാസ്സുകൾ നൽകാറുണ്ട്.<br><br>ഇത്തരത്തിൽ പാമ്പുകളെ പിടിക്കുന്നതിനും അതിന്റെ ആവാസവ്യവസ്ഥയിൽ തുറന്നു വിടുന്നതിനുമുള്ള സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) തയ്യാറാക്കിയിട്ടുണ്ട്. ഇത് അംഗീകരിച്ച് താമസംവിനാ നടപ്പിലാക്കുന്നതാണ്.<br><br>സ്റ്റാന്റാർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) നടപ്പിലാക്കുന്നതിനോടൊപ്പം ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്കും മറ്റ് ജീവനക്കാർക്കും ജനവാസ കേന്ദ്രങ്ങളിലിറങ്ങി ജനങ്ങൾക്ക് ശല്യം ഉണ്ടാക്കുന്ന വന്യമൃഗങ്ങളെ വനമേഖലയിൽ കൊണ്ടുപോയി തുറന്നു വിടുന്നതിന് ശാസ്ത്രീയ പരിശീലനം നൽകുന്നതാണ്. |
| (സി) | സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ